## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4463 28.06.2012 - ൽ മറുപടിക്ക്

**പി.ഡബ്ല്യൂ.ഡി. മാന്വലിന്റെ അടിസ്ഥാനത്തിൽ വകുപ്പിനെ സജ്ജമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>,, എം.എ. വാഹീദ് :<br>,, വി.റ്റി. ബൽറാം: | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വലിന്റെ അടിസ്ഥാനത്തിൽ വകുപ്പിനെ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് പറയാമോ; | (എ) പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വലിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനങ്ങൾ നൽകി വരുന്നു. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വലിൽ പറഞ്ഞിരിക്കുന്ന രീതിയിൽ വകുപ്പിനെ സജ്ജമാക്കുന്നതിനുള്ള തുടർനടപടികൾ എടുത്തുവരികയാണ്. |
| (ബി) ആയതിനായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) ഉദ്യോഗസ്ഥർക്ക് പരിശീലനം കൊടുത്തു തുടങ്ങി. 2012 ജൂൺ 15,16 തീയതികളിൽ സൗത്ത് സോണിലുള്ള തിരഞ്ഞെടുത്ത എഞ്ചിനീയർമാർക്കും മിനിസ്റ്റീരിയൽ സ്റ്റാഫിനും ഓരോ ദിവസത്തെ പരിശീലനം നൽകി. 2012 ജൂൺ 30, ജൂലൈ 1 തീയതികളിൽ നോർത്ത് സോണിലുള്ളവർക്കും ജൂലൈ 3,5 തീയതികളിൽ സെൻട്രൽ സോണിലുള്ളവർക്കും പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുതുക്കിയ മാന്വലിലെ മാറ്റങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് ശില്പശാലകൾ നടത്തുന്ന കാര്യം ആലോചനയിലുണ്ടോയെന്ന് വിശദമാക്കുമോ ? | (സി) | പുതുക്കിയ മാന്വലിലെ മാറ്റങ്ങൽ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനായി ശില്പശാലകൾ നടത്തി വരുന്നു. ആയതിന്റെ ഔപചാരികമായ ഉദ്ഘാടനം 15.6.2012 ൽ തിരുവനന്തപുരത്ത് നടന്നു. എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പരിശീലനം കൊടുത്ത് കഴിഞ്ഞ് കരാറുകാർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ